23.9.1991-നു ശേഷം പൊല്യൂഷൻ കൺട്രോൾ എക്വപ്മെന്റ് സ്ഥാപിച്ചിട്ടുള്ള യൂണിറ്റുകൾക്ക് അത്തരം നിക്ഷേപത്തിന്റെ 15% പരമാവധി 5 ലക്ഷം രൂപ സബ്സിഡി നൽകി വരുന്നു. 23.9.91-നുശേഷം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിച്ച് ജനറേറ്റർ സെറ്റിന് അതിന്റെ നിക്ഷേപ ചിലവിന്റെ 15% പരമാവധി 5 ലക്ഷം രൂപ സബ്സിഡി ഉണ്ട്. ഇത് കൂടാതെ ഇൻഫർമേഷൻ ടെക്നോളജി യൂണിറ്റുകൾക്ക് സ്ഥിരമൂലധനത്തിന്റെ 20% പരമാവധി 25 ലക്ഷം രൂപയാണ് സബ്സിഡി. ഇത്തരം യൂണിറ്റുകൾക്ക് കാപറ്റീവ് ജനറേറ്റർ 'സ്ഥാപിക്കുന്നതിന്റെ ചെലവിന്റെ 50% പരമാവധി 10 ലക്ഷം രൂപ അധികമായും സബ്സിഡി നൽകുന്നു. ഇൻഫർമേഷൻ ടെക്നോളജി യൂണിറ്റുകൾക്കുള്ള ഈ ആനുകൂല്യം 28.5.1998 മുതൽ പ്രാബല്യത്തിലുണ്ട്.

(സി) വ്യവസായ സ്ഥാപനങ്ങൾ ഉല്പാദനം ആരംഭിച്ച് പരമാവധി ഒരു വർഷത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകിയിരിക്കണം. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ധന സഹായം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ കെ.എഫ്.സി. യിലും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ധനസഹായം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ കെ.എസ്. ഐ.ഡി.സി യിലും മറ്റുള്ളവർ അതാതു താലൂക്ക് വ്യവസായ ആഫീസുകൾ മുഖാന്തിരം വ്യവസായ വകപ്പിനുമാണ് അപേക്ഷ നൽകേണ്ടത്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ജി) ഉണ്ട്.

(എച്ച്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ

2 (2799) ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പാലോട് രവി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. അടൂർ പ്രകാശ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് ;

(ബി) ഇതിന്റെ കീഴിലുള്ള ഉൽപ്പാദക യൂണിറ്റുകൾ ഏതെല്ലാമാണ്;

(സി) ഇവയിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്നവ എതൊക്കെയാണ്;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇവയെ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചെറുകിട വ്യവസായികൾക്ക് ആവശ്യമുള്ള അസംസ്കൃത സാധനങ്ങളുടെ ശേഖരണവും വിതരണവും, ചെറുകിട വ്യവസായികളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുക, ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ഷെഡ്ഡുകളും പ്ലോട്ടുകളും വ്യവസായ എസ്റ്റേറ്റുകളിൽ ലഭ്യമാക്കുക, സിവിൽ, ഇലക്ട്രിക്കൽ നിർമ്മാണ പ്രവർത്തനങ്ങൾ 11 ഉൽപ്പാദന യൂണിറ്റുകൾ, ഓരോ നിയോജകമണ്ഡലത്തിലും ഓരോ വ്യവസായ പാർക്ക് സ്ഥാപിക്കുക എന്ന പദ്ധതി, ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം, ചെറുകിട വ്യവസായികളുടെ 20 ഉല്പന്നങ്ങളുടെ ബോൾകാനലൈസിംഗ് സർവ്വീസ്, ഉപഭോക്തൃ ഉല്പന്ന വിപണന സംവിധാനം, ഇൻഡ്യൻ ഓയിൽ കോർപ്പറേഷനുമായി സഹകരിച്ച് വിവിധതരം ലൂബ്രിക്കേഷൻ ഓയിലുകളുടെ വിപണനം, പി.എം.ആർ.വൈ പദ്ധതിപ്രകാരം വ്യവസായ സംരംഭകർക്ക് പരിശീലനം നൽകുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

(ബി)1.വുഡ് വർക്കിംഗ് യൂണിറ്റ്, പാപ്പനംകോട്

2. പ്രഷർ ഡൈകാസ്റ്റിംഗ് യൂണിറ്റ്, പാപ്പനംകോട്
3. ഗവൺമെന്റ് ഇൻസ്ട്രുമെന്റ് വർക്ഷോപ്പ്, പാപ്പനംകോട്
4. സിഡ്കോ ടൈൽസ്, അമരവിള
5. സിഡ്കോ ഇക്യൂപ്മെന്റ് കോംപ്ലക്സ്, മൺവിള
6. സിഡ്കോ ടൂൾസ്, ഉമയനെല്ലൂർ
7. വുഡ് വർക്ഷോപ്പ്, കൊല്ലക്കടവ്, മാവേലിക്കര
8. സ്ട്രോ ബോർഡ് ഫാക്ടറി, പരുമല
9. സിഡ്കോ ഓട്ടോ എഞ്ചിനീയറിംഗ്, പച്ചാളം
10. സർവ്വീസ് വർക്ഷോപ്പ്, ഒല്ലൂർ
11. ഗവൺമെന്റ് വുഡ് വർക് ഷോപ്പ്, കോഴിക്കോട്.

(സി) 1998-99-ലെ താൽക്കാലിക കണക്കുകൾ പ്രകാരം താഴെ പറയുന്ന യൂണിറ്റുകൾ ലാഭത്തിൽ പ്രവർത്തിക്കുന്നു.

1. വുഡ് വർക്കിംഗ് യൂണിറ്റ്, പാപ്പനംകോട്
2. പ്രഷർ ഡൈകാസ്റ്റിംഗ് യൂണിറ്റ്, പാപ്പനംകോട്
3. വുഡ് വർക്ഷോപ്പ്, കൊല്ലക്കടവ്, മാവേലിക്കര
4. സ്ട്രോ ബോർഡ് ഫാക്ടറി, പരുമല
5. ആട്ടോ എഞ്ചിനീയറിംഗ്, പച്ചാളം
6. ഗവൺമെന്റ് വുഡ് വർക്ഷോപ്പ്, കോഴിക്കോട്

നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ

1. ഗവൺമെന്റ് ഇൻസ്ടുമെന്റ് വർക്ഷോപ്പ്, പാപ്പനംകോട്
2. സിഡ്കോ ടൈൽസ്, അമരവിള
3. സിഡ്കോ ഇക്യുപ്മെന്റ് കോംപ്ലക്സ്, മൺവിള
4. സിഡ്കോ ടൂൾസ്, ഉമയനെല്ലൂർ
5. സർവ്വീസ് വർക്ഷോപ്പ്, ഒല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഇ) ഉല്പാദന യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. യൂണിറ്റുകൾക്ക് ആവശ്യമുള്ള പ്രവർത്തന മൂലധനം ലഭ്യമാക്കുക.
2. ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുക
3. യൂണിറ്റുകളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുക
4. സർക്കാർ ഓഫീസുകൾ, മറ്റ് പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കൂടുതൽ ഓർഡറുകൾ സമാഹരിക്കുക.

പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ

3 (2800)ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. എം. മുരളി :
ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീമതി. ശോഭനാജോർജ്ജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിപ്പോൾ പൂട്ടിക്കിടക്കുന്ന വ്യവസായശാലകളിൽ ഗവൺമെന്റ് ഉടമയിലുള്ളതും സ്വകാര്യമേഖലയിലുള്ളതും ഏതൊക്കെയാണ്;

(ബി) ഗവൺമെന്റ് ഉടമയിലുള്ള വ്യവസായശാലകൾ പാട്ടത്തിനോ വിലയ്ക്കോ നൽകിയും സ്വകാര്യ മേഖലയിലുള്ളവ പാട്ടത്തിനോ വിലയ്ക്കോ ഗവൺമെന്റിലേക്കെടുത്തും അവരുടെ പ്രവർത്തനം പുനരാരംഭിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) പൊതുമേഖലാസ്ഥാപനമായ ചാലക്കുടി റിഫ്രാക്ടറീസ് ഇപ്പോൾ പൂട്ടികിടക്കുകയാണ്. സ്വകാര്യമേഖലയിലുള്ള പൂട്ടിക്കിടക്കുന്ന വ്യവ സായ സ്ഥാപനങ്ങളെ സംബന്ധിച്ച് വിവരം അനുബന്ധമായി നൽകുന്നു.†

(ബി)&(സി) ഗവൺമെന്റ് ഉടമയിലുള്ള ഒരു സ്ഥാപനവും പാട്ടത്തിന് കൊടുക്കുകയോ വിലയ്ക്ക് നൽകുകയോ ഡിസ്ഇൻവെസ്റ്റ് ചെയ്യുകയോ ചെയ്തില്ല. ചില ധനകാര്യ സ്ഥാപനങ്ങൾ പ്രമോട്ടർമാർ വന്നാൽ അതിന്റെ വ്യവസ്ഥകളനുസരിച്ച് അവരെ ഏല്പിക്കുന്നതാണ്. ധനകാര്യ സ്ഥാപനങ്ങ ളുടെ അനുമതിയും ഈ കാര്യത്തിൽ ആവശ്യമാണ്. സ്വകാര്യ സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നില്ല.

വ്യാവസായിക വളർച്ചാനിരക്ക്

4 (2801)ശ്രീ. കെ. ബാബു :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly